## ഇഞ്ചി വിത്ത് മുക്കൽ



സൂപ്പർ സ്ടൈക്കർ - 400 മില്ലി
കീടനാശിനി -
ഫ്ളോസ്റ്റിക് 80 - 100 മില്ലി

ഇവ 200 ലിറ്റർ വെള്ളത്തിൽ മിശ്രിതം ചെയ്ത് ഇതിൽ ഇഞ്ചിവിത്ത് 20 മിനിറ്റ് മുക്കിക്കഴിഞ്ഞ് തണലത്ത് വെക്കുക.

## പ്രയോജനം



വിത്തിൽ ഉള്ള രോഗ – കീടങ്ങൾ നശിക്കുന്നതിനും നടുന്ന മണ്ണിൽ നിന്നുള്ള രോഗ – കീടങ്ങൾ വിത്തിനെ ആക്രമിക്കാതിരിക്കുന്നതിനും.

സൂപ്പർ സ്ട്രൈക്കർ :- ഇത് ഒരു ഉത്തമ കുമിൾനാശിനിയാണ്. അന്തർവ്യാപന – സ്പർശന ശേഷിയുള്ളതിനാൽ ഇത് വിത്തിലൂടെയും ആദ്യനാളുകളിൽ മണ്ണിലൂടെയും പകരുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നു. ഇതിൽ ഹെർബൽ എക്സ്ട്രാക്ട് അടങ്ങിയിട്ടുള്ളതിനാൽ ഇഞ്ചി മുളകൾക്ക് ആരോഗ്യവും പച്ചനിറവും നൽകുന്നു.

## വിത്ത് നടീൽ



ഇഞ്ചിവിത്ത് മുളക്കുമ്പോൾ കൂടുതൽ മുളകളും മുളകൾക്ക് കരുത്തും കാണ്ഡങ്ങൾക്ക് വണ്ണവും വേഗത്തിലുള്ള വേര് വളർച്ചയും ഉണ്ടെങ്കിൽ മാത്രമെ ഇഞ്ചിക്ക് പൂർണ്ണ ആരോഗ്യത്തോടെയുള്ള വളർച്ച ഉണ്ടാകുകയുള്ളൂ. ഇതിനായി ഇഞ്ചിവിത്ത് നടുമ്പോൾ ചാണകമോ ഓർഗാനിക് വളങ്ങളോ കൂടാതെ ബയോബൂസ്റ്റർ ചേർക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള ഒരു ഉൽപന്നമാണ് 'ആക്മി' ഇതിൽ 60% ഹ്യുമിക് ആസിഡും ഫൾവിക് ആസിഡും ഹെർബൽ എക്സ്ട്രാക്റ്റും അടങ്ങിയിട്ടുണ്ട്. ആക്മിയുടെ ഉപയോഗത്തിലൂടെ ഇഞ്ചിമുളകൾക്ക് കരുത്തും ആരോഗ്യത്തോടെയുള്ള വളർച്ചയും കിട്ടുന്നു.



## ഉപയോഗക്രമം

8 മുതൽ 10 കിലോ / ഏക്കറിന്

## ഇഞ്ചിവിളകളിലെ മരുന്നു പ്രയോഗം



ഇഞ്ചിയിലെ കളനിയന്ത്രണങ്ങൾക്കായി കളനാശിനി പ്രയോഗം അനിവാര്യമാണ്. ഇഞ്ചിയുടെ രോഗകീടനിയന്ത്രണങ്ങൾക്കായി കുമിൾ നാശിനികളും കീടനാശിനികളും പ്രയോഗിക്കേണ്ടതാണ്. കൂടാതെ വളർച്ചക്കാവശ്യമായ അമിനോ ആസിഡുകൾ, മൈക്രോ ന്യൂട്രിയൻസുകൾ, ഹ്യുമിക് ആസിഡുകൾ, ജൈവ വളങ്ങൾ തുടങ്ങിയവയുടെ പ്രയോഗവും അത്യാവശ്യമാണ്. ഇവയുടെ പ്രയോഗ രീതി ചുവടെ ചേർക്കുന്നു.